**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3547**

**20.06.2019 ൽ മറുപടിക്ക്**

## പോലീസ് യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകളുടെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസിന്റെ യൂണിഫോമിലും വാഹനങ്ങളിലും ഘടിപ്പിക്കുന്ന ക്യാമറകൾ കാര്യക്ഷമമായി ഉപയോഗിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) പോലീസിന്റെ യൂണിഫോമിലും വാഹനങ്ങളിലും ഘടിപ്പിക്കുന്ന ക്യാമറകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതും പരിപാലിക്കുന്നതും സംബന്ധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 11/2019 പ്രകാരം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികൾക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത ക്യാമറകളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്; | ബി) വാറന്റി പരിധിയിൽപ്പെട്ടതിനാൽ അതാത് കമ്പനികൾ തന്നെയാണ് ഇവ പരിപാലിക്കുന്നത്. |
| സി) യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ നിലവിൽ ഉപയോഗിക്കാതിരിക്കുന്നതിൽ ബന്ധപ്പെട്ടവർക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്നറിയിക്കാമോ? | സി) യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ ഉപയോഗിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ